വിവരാവകാശം - മറുപടി

നം : E.4/16339/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 15..05..2017

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീമതി.സാജിറ.കെ.പി
D/o.അബ്ദുള്ള
മൊക്കത്ത് കുറ്റിപ്പുറവൻ വീട്,
സെന്റ് ആൻസ് സ്കൂളിന് സമീപം
വെള്ളമുണ്ട പി ഒ
വയനാട് 670 731

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - വിവരാവകാശം - മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന :- താങ്കളുടെ 10.4.17ലെ വിവരാവകാശം

സൂചന പ്രകാരം ആവശ്യപ്പെട്ട വിവരാവകാശത്തിന്റെ മറുപടി ക്രമമായി ചുവടെ ചേർക്കുന്നു.

1. ജില്ലാതലത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ 03.01.2014ന് ശേഷം ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് ക്ലാർക്ക് തസ്തികയിൽ തസ്തിക മാറ്റം വഴി നിയമനം നൽകിയിട്ടുണ്ട്. എന്നാൽ ഇതിന് ആധാരമാക്കിയിരുന്ന സീനിയോരിറ്റി ലിസ്റ്റ് പുന:ക്രമീകരിച്ച് കൊണ്ട് 02.02.2017ലെ E9-36379/16 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുക്കിയ സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നടത്തപ്പെട്ട എല്ലാ ഉദ്യോഗക്കയറ്റങ്ങളും പുന:ക്രമീകരിക്കേണ്ടതായിട്ടുണ്ട്.

2. വയനാട് ജില്ലയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് 10% ഉദ്യോഗക്കയറ്റം വഴി ക്ലാർക്ക് തസ്തികയിൽ ആരേയും നിയമിയ്ക്കുന്നതിന് തസ്തികകൾ റിസർവ് ചെയ്തിട്ടില്ല.

3. പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ട ഒരു ഒഴിവിൽ 24.6.2016ലെ E4-923/15 എന്ന ഉത്തരവിൻ പ്രകാരം ശ്രീമതി.ബിന്ദു.കെ.ബി.യ്ക്ക് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ടിയാൾ ഇപ്പോൾ വയനാട് ഐ.സി.ഡി.എസ് സെല്ലിൽ സേവനമനുഷ്ഠിക്കുന്നു.

4. സാമൂഹ്യനീതി ഡയറക്ടറുടെ 17.12.16ലെ E4-11669/16 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.സംഗീത.ബി.യെ ആലപ്പുഴയിൽ തൈക്കാട്ടുശ്ശേരി പ്രോജക്ടിൽ നിന്നും വയനാട്ടിലെ പനമരം പ്രോജക്ടിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം അർഹതാവിധേയമായി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

Aj.

5. പുന:പ്രസിദ്ധീകരിക്കപ്പെട്ട സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രമോഷൻ ലഭിച്ചവരുടെ നിയമനം പുന:പരിശോധിക്കുന്ന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അതോടൊപ്പം വയനാട് ജില്ലയിലെ വിഷയവും ഒഴിവിന് വിധേയമായി പരിശോധിക്കുന്നതാണ്.

6. താങ്കൾ ചോദ്യത്തിൽ ഉന്നയിക്കുന്ന നിസ്സാർ മണിമയ്ക്ക് ഒഴിവിന്റെ അടിസ്ഥാനത്തിലും അർഹതാവിധേയമായും പരിശോധിച്ച് നിയമനം നൽകാവുന്നതാണ്. എന്നാൽ ഇതിന് കാലാവധി വിവരാവകാശനിയമ പ്രകാരം നിശ്ചയിച്ച് നൽകുക സാദ്ധ്യമല്ല.

മേൽപ്പറഞ്ഞ വിവരങ്ങൾ തൃപ്തികരമല്ലാത്തപക്ഷം 30 ദിവസത്തിനകം താഴെക്കാണുന്ന വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

ശ്രീമതി.പ്രീത.എസ്.നായർ,
അപ്പലേറ്റ് അതോറിറ്റി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
സാമൂഹ്യനീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ 5-ാം നില,
തിരുവനന്തപുരം - 33

വിശ്വസ്തതയോടെ,

എസ്.എൽ.ശ്യാം ശങ്കർ
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

Aj.